**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205** **24-06-2024 - ൽ മറുപടിയ്ക്ക്**

**മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരക്കടൽ കപ്പൽ ഗതാഗതത്തിന്റെ സാധ്യതകൾ ആരായുന്നതിന് മാരിടൈം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് തീരക്കടൽ കപ്പൽ ഗതാഗതം വിവിധ കാരണങ്ങളാൽ സുഗമമായി നടത്തുവാൻ കഴിയാത്ത സാഹചര്യമായിരുന്നു നിലനിന്നിരുന്നത്. കേരള സംസ്ഥാനം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ കേരളത്തിൽ നിന്ന് തിരികെ ചരക്ക് കൊണ്ടുപോകാനില്ല എന്നതായിരുന്നു ഇതിന് പ്രധാന കാരണം. എന്നാൽ വിഴിഞ്ഞം തുറമുഖം നിലവിൽ വരുന്നത് തീരക്കടൽ കപ്പൽ ചരക്ക് ഗതാഗതം ആക്കം കൂട്ടുമെന്ന് പ്രതീക്ഷിക്കുന്നു. 2023 ഒക്ടോബറിൽ മുംബൈയിൽ നടന്ന ഗ്ലോബൽ മാരിടൈം സമ്മിറ്റിൽ പങ്കെടുത്ത ഒരു കമ്പനി കേരള തീരത്ത് ചരക്ക് ഗതാഗതം പുനരാരംഭിക്കാൻ സന്നദ്ധമായി വന്നിട്ടുണ്ട്.<br><br>സർവ്വീസ് നടത്തുന്നതിന് ആവശ്യമായ ചരക്കിന്റെ ലഭ്യത ഉറപ്പാക്കുവാൻ വിവിധ വ്യവസായ സംരംഭങ്ങളുമായി കണ്ണൂരിൽ വച്ച് കേരള മാരിടൈം ബോർഡ് യോഗം ചേർന്നിരുന്നു. കപ്പൽ ഗതാഗത കമ്പനിയുമായി തുടർ ചർച്ച നടത്തി തീരക്കടൽ കപ്പൽ ഗതാഗതത്തിന് കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.<br><br>കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ക്രൂയിസ് ടൂറിസം നടപ്പാക്കുന്നതിനും ബേപ്പൂർ തുറമുഖത്ത് നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കുള്ള പാസഞ്ചർ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ കേരള മാരിടൈം ബോർഡ് പരിശോധിച്ച് വരികയാണ്. |
| (ബി) | മൈനർ തുറമുഖങ്ങളായ കൊല്ലം, ബേപ്പൂർ, അഴീക്കൽ, പൊന്നാനി എന്നിവിടങ്ങളിൽ തുറമുഖ വകുപ്പിന്റെ നിയന്ത്രണത്തോടെ മാരിടൈം ബോർഡ് | (ബി) | **കൊല്ലം തുറമുഖം**<br><br>കൊല്ലം തുറമുഖത്ത് മൾട്ടി കാർഗോ വാർഫ് (177 മീ), പാസഞ്ചർ ബർത്ത് (101 മീ) എന്നിവ നിർമ്മിച്ചിട്ടുണ്ട്. |

| | |
|---|---|
| നടത്തിവരുന്ന പശ്ചാത്തല വികസനത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; | ക്രെയിനുകൾ, കണ്ടെയ്നറുകൾക്കുള്ള സ്റ്റാക്ക് യാർഡുകളും ഗോഡൗണുകളും നിലവിലുണ്ട്. ക്രൂയിസ് അടക്കമുള്ള വലിയ അന്താരാഷ്ട്ര കപ്പലുകൾ അടുക്കുവാൻ പാകത്തിൽ തുറമുഖത്തിന്റെ ആഴം കൂടുതൽ വർദ്ധിപ്പിക്കുന്നതിനും അഡീഷണൽ വാർഫ് കൂടി നിർമ്മിക്കുന്നതിനുമായുള്ള പദ്ധതി കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ നിന്നും ധനസഹായം കൂടി ലഭ്യമാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള പാരിസ്ഥിതിക ആഘാത പഠനം നടത്തുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. റോഡുകളുടെ വീതികൂട്ടുന്നതിനായുള്ള നടപടികളും നടന്നുവരുന്നു. ISPS (International Ship & Port Facility Security) കോഡ്, ICP (Immigration Check Post) ലഭിച്ചിട്ടുള്ളതു കൊണ്ട് അന്താരാഷ്ട്രതലത്തിൽ തന്നെയുള്ള കപ്പൽ ഗതാഗതത്തിന് കൊല്ലം തുറമുഖം പൂർണ്ണരീതിയിൽ സജ്ജമാണ്.<br><br>**<u>ബേപ്പൂർ തുറമുഖം</u>**<br><br>ബേപ്പൂർ തുറമുഖത്ത് നിലവിൽ ആവശ്യമായ ബർത്തുകളും ക്രെയിൻ അടക്കമുള്ള മെഷിനറികളും ലഭ്യമാണ്. ഇമിഗ്രേഷൻ സംവിധാനം നിലവിൽ പ്രവർത്തിച്ചുവരുന്നു. ISPS അംഗീകാരവും EDI (Electronic Data Interchange) ഫെസിലിറ്റിയും നിലവിലുണ്ട്. ക്രൂയിസ് അടക്കമുള്ള വലിയ അന്താരാഷ്ട്ര കപ്പലുകൾ അടുക്കുവാൻ പാകത്തിൽ തുറമുഖത്തിന്റെ ആഴം കൂടുതൽ വർദ്ധിപ്പിക്കുന്നതിനും അഡീഷണൽ വാർഫ് കൂടി നിർമ്മിക്കുന്നതിനുമായുള്ള പദ്ധതി കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ നിന്നും ധനസഹായം കൂടി ലഭ്യമാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള പാരിസ്ഥിതിക ആഘാത പഠനം നടത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>**<u>അഴീക്കൽ തുറമുഖം</u>**<br><br>അഴീക്കൽ തുറമുഖത്ത് ISPS കോഡ് 5 വർഷ കാലയളവിലേക്ക് ലഭ്യമായിട്ടുണ്ട്. ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 160 കെ.വി.എ ജനറേറ്ററും, ജനറേറ്റർ റൂമും സ്ഥാപിച്ചിട്ടുണ്ട്. 2 എണ്ണം ഹൈമാസ്റ്റ് ലൈറ്റുകൾ (16 മീറ്റർ) സ്ഥാപിച്ചിട്ടുണ്ട്. മറൈൻ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഓഫീസ് കെട്ടിട നവീകരണ പ്രവർത്തന ങ്ങൾ പുരോഗതിയിലാണ്. വെയർ ഹൗസ് നിർമ്മാണം, ശുദ്ധജല വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി യുടെ പ്രത്യേക പൈപ് ലൈൻ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നത്, കോമ്പൗണ്ട് ഭിത്തിയുടേയും, പെട്രോളിംഗ് പാത്ത് വേയുടേയും നിർമ്മാണ പ്രവൃത്തികൾ, ഗേറ്റ്, ഗേറ്റ് ഹൗസ് നിർമ്മാണം എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>പൊന്നാനി തുറമുഖം</u>**<br><br>പൊന്നാനി തുറമുഖത്തിന്റെ സമഗ്ര വികസനത്തിനായി 90 കോടി രൂപയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തിയോ, പൊതുസ്വകാര്യ പങ്കാളിത്ത ത്തോടെയോ തുറമുഖ വികസനം നടത്താനാണ് ലക്ഷ്യമിടുന്നത്. |
| (സി) | തീരക്കടൽ ഗതാഗതത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി ചരക്ക് ഗതാഗതത്തിനും വിനോദസഞ്ചാര വികസനത്തിനും ഉതകുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ക്രൂയിസ് ടൂറിസം ബേപ്പൂർ തുറമുഖത്ത് നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കുള്ള പാസഞ്ചർ സർവ്വീസുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ നടപ്പിലാക്കുന്നതിന് കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ